നം.കെഎസ്എ-കെടിഎം.പി.4/1618/2019 തീയതി: 20.11.2019

# കോട്ടയം ജില്ലയിലെ രാമപുരം ഗ്രാമപഞ്ചായത്തിന്‍റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ രാമപുരം ഗ്രാമപഞ്ചായത്തിന്‍റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.11.2018 മുതൽ 30.09.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്‍റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള

വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ.സാബു സി. ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.10.2019 മുതൽ 19.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ലേഖ വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാന്റി ജോർജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സെറീന പി.എ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഉണ്ണികൃഷ്ണൻ എം. | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബൈജു ജോൺ | 01.04.18 മുതൽ 31.03.19വരെ |
| സെക്രട്ടറി | ശ്രീ.മാർട്ടിൻ ജോർജ് | 01.04.18 മുതൽ 07.10.2018വരെ |

| | | |
|---|---|---|
| | അസി.സെക്രട്ടറി (ചാർജ്) | |
| | ശ്രീ.വി.എൻ.റെജിമോൻ | 08.10.2018 മുതൽ 31.03.2019 വരെ |

**(സി) <u>മറ്റ് നിർവഹണോദ്യോഗസ്ഥർ</u>**

| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. മാർട്ടിൻ ജോർജ് | 01.04.2018 മുതൽ 31.03.19വരെ |
| കൃഷി ഓഫീസർ | ശ്രീ.അഖിൽ കെ.രാജു | 01.04.2018 മുതൽ 31.03.19വരെ |
| വെറ്ററിനറി സർജൻ | ഡോ.ജെസ്സി കാപ്പൻ | 01.04.2018 മുതൽ31.03.19 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ. മനോജ് പ്രഭ | 01.04.2018 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ.ആന്റോസ് ടോം | 01.04.2018 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. ജെൻസി.എ.ജെ | 01.04.2018 മുതൽ 16.1.19 വരെ |
| | ഡോ.ഹേമേഷ് പി ജോഷി | 17.1.2019 മുതൽ31.03.2019 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(വെള്ളിലാപ്പള്ളി) | ശ്രീ.രാജേഷ്.ഇ. ആർ. | 01.04.18 മുതൽ 30.07.2018 വരെ |
| | ശ്രീ. വിമൽകുമാർ വി.വി | 01.8.2018മുതൽ15.11.2018വരെ |
| | ശ്രീ അജിത് കുമാർ ജി | 16.11.2018 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (രാമപുരം) | രാജേഷ്.ഇ.ആർ | 1.4.2018മുതൽ16.11.2018 വരെ |
| | അജിത്കുമാർ.ജി | 16.11.2018 മുതൽ 28.11.18 വരെ |
| | അംബിക ജി. | 28.11.2018മുതൽ31.12.2018വരെ |
| | അജിത്കുമാർ ജി. | 31.12.2018 മുതൽ 18.01.19 വരെ |
| | ശ്രീമതി സുഷ ഹരി | 18.1.2019മുതൽ 31.03.2019വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈവെസർ | ശ്രീമതി ബി.ഗീത | 01.04.2018 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീതങ്കച്ചൻ | 01.04.2018 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി മിലിമോൾ ഫിലിപ്പ് | 1.04.2018 മുതൽ 14.06.2018വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി ജയശ്രീ എം. | 1.07.2018 മുതൽ 06.07.2018വരെ |
| | ശ്രീമതി പി.ആർ. ശശികല | 9.07.2018മുതൽ 5.10.2018വരെ |
| | ശ്രീമതി അനു ജി.വർഗ്ഗീസ് | 1.12.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജമിനി ജോൺ | 01.04.2018 മുതൽ31.03.19 വരെ |

**(ഡി) <u>ഉള്ളടക്കം</u>**


| ഖണ്ഡിക നം. | ഖണ്ഡിക |
|---|---|
| **ഭാഗം 1 - ഒാഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് പരിശോധന |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യപത്രിക പരിശോധന |

| | |
|---|---|
| 1-8 | പ്രോജക്ടുകൾ സമയബന്ധിതമായ പൂർത്തീകരിക്കാത്തതിനാൽ 74,21,223/- രൂപ പഞ്ചായത്തിന് നഷ്ടമായി |
| 1-9 | പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഫണ്ടുകൾ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല |
| 1-10 | വസ്തുനികുതി – 21.78 ലക്ഷം രൂപ ഈടാക്കനവശേഷിക്കുന്നു |
| 1-11 | വസ്തുനികുതി – കുടിശിക ഈടാക്കിയിട്ടില്ല |
| 1-12 | തൊഴിൽ നികുതി – അപാകതകൾ |
| 1-13 | കരാറുകാർ, റേഷൻ വ്യാപാരികൾ തൊഴിൽ നികുതി അടയ്ക്കുന്നില്ല |
| 1-14 | വാടകയിനത്തിൽ 3.6 ലക്ഷത്തിലധികം രൂപയുടെ കുടിശിക നിലനിൽക്കുന്നു |
| 1-15 | ലൈസൻസ് ഫീസ് അപാകതകൾ |
| 1-16 | മരങ്ങൾ മുറിച്ച് വിൽപ്പന നടത്തിയത് – ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് അടവാക്കിയില്ല |
| 1-17 | കെ.എസ്.ഇ.ബി.ലിമിറ്റഡ് – വാടക തുകയിന്മേൽ ചരക്ക് സേവനനികുതിയും പിഴപ്പലിശയും ഈടാക്കിയില്ല |
| 1-18 | ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ നിഷ്ക്രിയമായി നിലനിൽക്കുന്നു |
| 1-19 | ആവശ്യാധിഷ്ഠിതമല്ലാത്ത വാങ്ങൽ പ്രോജക്ടുകൾക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു |
| | |

| | |
|---|---|
| 1-20 | അനുപൂരക പോഷകാഹാര വിതരണം – ഭക്ഷ്യമിശ്രിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത്--സംബന്ധിച്ച് |
| 1-21 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് – ആനുകൂല്യം മുഴുവൻ നൽകുന്നില്ല |
| 1-22 | അഗതിരഹിതകേരളം – തുടർപദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല |
| 1-23 | ആശ്രയ - ചാർജ് ഓഫീസറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലെ പണം "അഗതിരഹിത കേരളം" എന്ന പദ്ധതിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ് |
| 1-24 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി – വിനിയോഗവിവരങ്ങൾ ലഭ്യമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-25 | അങ്കണവാടി കേന്ദ്ര സഹായം – നീക്കിയിരുപ്പുള്ള 16.43 ലക്ഷം രൂപ പ്രയോജനപ്പെടുത്തിയിട്ടില്ല |
| 1-26 | ലൈഫ് ഭവന പദ്ധതി – അവലോകനം |
| 1-27 | ഫ്രണ്ട് ഓഫീസ് നവീകരണം – ഇലക്ട്രിഫിക്കേഷൻ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തത് – തിരികെ ഈടാക്കി |
| **ഭാഗം 2 – വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| **ഭാഗം 3 – ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |

| | |
|---|---|
| 3-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |
| **ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് 2018-19 |
| അനുബന്ധം3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ്സ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

21.3.2018ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 11.2.2019ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം മുന്നിരിപ്പ് 7502027 രൂപയും, വരവ് 171136,782 രൂപയും, ചെലവ് 174703957/- രൂപയും, നീക്കിയിരിപ്പ് 3934852/-രൂപയുമാണ്.

## 1-2 ഫണ്ട് വിനിയോഗം

(എ))

| **ഫണ്ടിനം** | **മുന്നിരിപ്പ്** | **വരവ്** | **ആകെ** | **ചെലവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 21251707 | 21251707 | 19326434 | 1925273 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 3311000 | 3311000 | 3151447 | 159553 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 262000 | 262000 | 261960 | 40 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 9420000 | 9420000 | 9277401 | 142599 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 4365000 | 4365000 | 2795004 | 1569996 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 9864000 | 9864000 | 6240228 | 3623772 |
| എെ.സി.ഡി.എസ് | 1308366 | 666600 | 1974966 | 331239 | 1643727 |
| സാക്ഷരത | 5431 | 192 | 5623 | 0 | 5623 |
| കേരളോത്സവം | 5440 | 8280 | 13720 | 0 | 13720 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | 432500 | 1275000 | 1707500 | 25000 | 1682500 |
| എസ്.എസ്.എ | 248159 | - | 248159 | 649 | 247510 |
| കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കുള്ള ഫണ്ട് | 547 | - | 547 | -- | 547 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ഗുണഭോക്തൃ വിഹിതം | | 140755 | 188910 | 329665 | 285160 | 44505 |
| സംസ്ഥാനസർക്കാരിൽ നിന്നുള്ള അവാർഡ് | | 200,000 | - | 200,000 | -- | 200,000 |
| ശുചിത്വമിഷൻ ഗ്രാന്റ് | | 1606600 | 815420 | 2422020 | 678600 | 1743420 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | -- | 14553181 | 14553181 | 14553181 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7392 | 331152 | 338544 | 325832 | 12712 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 2473670 | 2473670 | 2473670 | -- |
| | ജില്ലാ പഞ്ചായത്ത് | 351438 | 2666580 | 3018018 | 2658780 | 359238 |
| ബി ഫണ്ട് | | -- | 46312140 | 46312140 | 46312140 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 11831646 | 11831646 | 3118318 | 8713328 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | --- | 21950474 | 21950474 | 6442277 | ---- |

തനത് ഫണ്ട് വരവുചെലവ് തുകകൾ റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വിവിധ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത് .തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകളിൽ തനത് ഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. അതിനാൽ തനത് ഫണ്ടിന്റെ മാത്രമായ മുന്നിരിപ്പ്/നീക്കിയിരുപ്പ് അക്കൗണ്ടുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

(ബി)

2018-19 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (രൂ) |
|---|---|---|
| തൊഴിൽരഹിത വേതനം | 12 | 20,040 |
| വാർദ്ധക്യകാല പെൻഷൻ | 2198 | 2,80,30,800 |
| കർഷക തൊഴിലാളി പെൻഷൻ | 376 | 52,20,700 |
| വിധവാ പെൻഷൻ | 704 | 82,71,400 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 87 | 10,14,300 |
| വികലാംഗ പെൻഷൻ | 284 | 35,66,900 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 5 | 1,50,000 |

## 1-3 പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 23/01/2018-ൽ ചേരുകയുണ്ടായി. 13 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിക്കപ്പെടുകയും യോഗം ചേരുകയും ചെയ്തത്. പദ്ധതി രൂപീകരണത്തിനായുള്ള വാർഡടിസ്ഥാനത്തിലുള്ള ഗ്രാമസഭകൾ 09 മുതൽ 11/02/2018 വരെയുള്ള കാലയളവിൽ ചേർന്നിട്ടുണ്ട്. 2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട വികസനസെമിനാർ 24/02/2018 ൽ ചേർന്നതായി മിനിറ്റ്സ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 225 പേരുടെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 109593703 | 153 | 62359877 | 6 | 48 | 74% |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്റ്റുകൾ | നടപ്പിലാക്കിയ പ്രോജക്റ്റുകൾ | പ്രോജക്റ്റുകളുടെ വകയിരുത്തൽ | പ്രോജക്റ്റുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 2214748 | 1102607 | വികസനകാര്യം |

| | | | | | | |
|---|---|---|---|---|---|---|
| 2 | വെറ്ററിനറി സർജൻ | 2 | 2 | 4595000 | 1845000 | വികസനകാര്യം |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 6 | 6 | 1802700 | 1801906 | ആരോഗ്യം-വിദ്യാഭ്യാസം |
| 4 | മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | ആരോഗ്യം-വിദ്യാഭ്യാസം |
| 5 | മെഡി.ഓഫീസർ, ആയുർവേദം | 2 | 2 | 450000 | 450000 | ആരോഗ്യം-വിദ്യാഭ്യാസം |
| 6 | വി.ഇ.ഒ. | 17 | 13 | 49487000 | 25873747 | വികസനകാര്യം, ക്ഷേമകാര്യം. |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 5074900 | 4310918 | ക്ഷേമകാര്യം. |
| 8 | സെക്രട്ടറി | 34 | 32 | 6979573 | 5188333 | വികസനകാര്യം, ധനകാര്യം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം |
| 9 | അസി. എൻജിനീയർ | 116 | 75 | 32421282 | 15545514 | വികസനകാര്യം |
| 10 | ഹെഡ്മാസ്റ്റർ | 9 | 9 | 2910500 | 2584452 | ആരോഗ്യം-വിദ്യാഭ്യാസം |

| | | | | | | |
|---|---|---|---|---|---|---|
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2500000 | 2500000 | വികസനം |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 1058000 | 1057400 | ക്ഷേമം |
| ആകെ | | 207 | 159 | 109593703 | 62359877 | |

കൃഷി ഓഫീസർ നിർവഹിക്കുന്ന സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 3,40,000/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ തുക ലഭിച്ചില്ല. വെറ്ററിനറി സർജൻ നിർവഹിക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിരുന്ന 5,00,000/- രൂപ ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് 2,25,000/- രൂപ എന്നിവ ചെലവ് പത്രികയിൽ ചെലവ് ഭാഗത്ത് രേഖപ്പെടുത്തിയിട്ടില്ല. വി.ഇ.ഒ നിർവഹിക്കുന്ന ലൈഫ് ഭവന പദ്ധതിയിൽ ആകെ വകയിരുത്തലായ 4,00,00,000/- രൂപയിൽ ഹഡ്കോ വായ്പയായി ലഭിക്കേണ്ട 3,24,58,006/- രൂപയിൽ 1,23,80,253 /-രൂപ മാത്രമാണ് ലഭിച്ചത് (വ്യത്യാസം 2,00,77,753/- രൂപ).

മേൽ പരാമർശിച്ചതും പദ്ധതി വകയിരുത്തലിൽ ഉൾപ്പെട്ടതും എന്നാൽ ചെലവിൽ ഉൾപ്പെടാത്തതുമായ തുകകൾ ചുവടെ ചേർക്കുന്നു.

സമഗ്ര നെൽകൃഷി വികസനം - 340000

പ്രത്യേക കന്നുകുട്ടി പരിപാലനം

സംസ്ഥാന വിഹിതം - 500000

ഗുണഭോക്തൃ വിഹിതം -2250000

ലൈഫ് ഭവന പദ്ധതി

ഹഡ്കോ വായ്പ ജനറൽ - 20077753

എസ്സ്.സ്സി - 140000

ആകെ - 23307753

ആകെ അടങ്കൽ 109593703

കുറയ്ക്കുക

അധികമായി വന്ന വകയിരുത്തൽ- 23307753

അടങ്കൽ - 86735950

ചെലവ് -62359277

ചെലവ് ശതമാനം - 72%

മേൽ വിവരിച്ച വകയിരുത്തലുകൾ പ്രകാരമുള്ള വിഭവസമാഹരണം സാദ്ധ്യമായില്ല. പ്രായോഗികതലത്തിൽ സാദ്ധ്യമാകാത്ത സ്രോതസ്സുകൾ കൂടി ഉൾപ്പെടുത്തി പദ്ധതി അടങ്കൽ ഉയർത്തിക്കാട്ടുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ആകെ പദ്ധതി അടങ്കലിന്റെ 56.9% മാത്രമാണ് തൻവർഷം വിനിയോഗിച്ചത്.

സ്ഥാപനത്തിന്റെ പതിനേഴു ബില്ലുകളിലായി ആകെ 38,11,196/- രൂപയുടെ ക്യു ബില്ലുകൾ 2019-20 വർഷത്തെ അലോട്ട്മെന്റിൽ നിന്നാണ് പണമാക്കി മാറ്റിയിരിക്കുന്നത്. ഭേദഗതി കൂടാതെ സ്പിൽഓവർ പ്രോജക്റ്റുകൾക്കാവശ്യമായ ക്യാരിഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

## 1-4 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. ഗ്രാമ പഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിക്കുന്നുണ്ട്. രജിസ്റ്ററുകളും, രേഖകളും തൃപ്തികരമായ രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ തെരുവ് വിളക്കുകളിൽ സ്ഥാപിച്ചിട്ടുള്ള ബൾബുകൾ, സി.എഫ്.എൽ ലാമ്പുകൾ സംബന്ധിച്ച് വൈദ്യുതി ബോർഡുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 8 സെക്ഷനുകൾ ഉള്ളതിൽ ഒരാൾ മാത്രമാണ് പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത്. ഈ വിഷയത്തിൽ സൂപ്പർവൈസറി ഓഫീസറുമാരുടെ ഭാഗത്ത് നിന്ന് വീഴ്ച ഉണ്ടായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിന്മേൽ സമയബന്ധിതമായി തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്. വസ്തുനികുതി, വാടക എന്നീ വരവിനങ്ങളുടെ കുടിശിക പിരിച്ചെടുക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലപ്പെട്ട വിധം കൃത്യമായി ഇടപെടുന്നില്ല. നിർവ്വഹണഉദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന കാര്യത്തിൽ സ്റ്റാന്റിംഗ്കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ മോണിട്ടറിംഗ് വേണ്ടത്ര ഫലപ്രദമായില്ല. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകളുടെ അവതരണം ഗ്രാമസഭ മീറ്റിംഗിൽ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ചർച്ചയോ നിർദ്ദേശങ്ങളോ ഉണ്ടായതായി കാണുന്നില്ല.

സേവനമേഖലയിൽ ഉൾപ്പെടുത്തിയ ചില പ്രോജക്ടുകളുടെ ഗുണഭോക്താക്കൾക്ക് തൻവർഷം ഒരേ ധനസഹായം രണ്ട് തവണ നൽകിയിട്ടുണ്ട്. നിയന്ത്രണ സംവിധാനത്തിലെ അപര്യാപ്തത മൂലമുണ്ടാകുന്ന ഇത്തരം അപാകതകൾ സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.10.19 ന് അക്കൗണ്ടന്റ് ശ്രീ.ഷാജി ജോണിന്റെ

സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 33,288/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.8.2019 | 7/2019 | 2/2019 വരെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചു. എ4-5571/19 തീ 9.10.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.3.16 | 1.4.2011 – 31.3.2016 | എൽ.ബി.എ(എച്ച്.ക്യൂ) 11/8A-2439/53 തീ 2.6.2016 |

## 1-7 വാർഷിക ധനകാര്യപത്രിക പരിശോധന

വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ അക്കൗണ്ട് സർട്ടിഫിക്കേഷന്റെ ഭാഗമായി ചൂണ്ടിക്കാട്ടിയ അപാകങ്ങളിൽ പരിഹരിക്കാതെ ബാക്കിനിൽക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ.(എം.എസ്.)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരം കണക്കാക്കിയ 31.3.19ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ യഥാർത്ഥത്തിലുള്ള വരവാണ് (RP(1))ലും 1-1 പത്രികയിലും പ്രതിഫലിക്കേണ്ടത്. എന്നാൽ ആയത് വ്യത്യാസപ്പെട്ടിരിക്കുന്നു.(വാർഷിക ധനകാര്യപത്രികയോടൊപ്പം നൽകിയ Notes on Account പ്രകാരം പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ ഈടാക്കിയ 19,750 രൂപ രസീത് ചെയ്യാതെ ട്രാൻസ്ഫർ ചെയ്തതിലാണ് വ്യത്യാസം ഉണ്ടായത് എന്ന് അറിയിച്ചിട്ടുണ്ട്.

5. RP(4) ഷെഡ്യൂൾ പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റ് ഇനത്തിൽ 2,06,049 രൂപ വരവുണ്ട്. എന്നാൽ രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചില്ല.

6. വാടക, തൊഴിൽനികുതി-ഇൻസ്റ്റിറ്റ്യൂഷൻ/പ്രൊഫഷണൽസ്/ട്രേഡേഴ്സ് എന്നീ ഇനങ്ങളിലെ രജിസ്റ്ററുകൾ പൂർത്തിയാക്കിയെങ്കിലും ഈ ഇനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷികധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7. ലൈസൻസ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിന്റെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചില്ല.

## 1-8 പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ 74,21,223/- രൂപ പഞ്ചായത്തിന് നഷ്ടമായി

വികസനപ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റിനത്തിൽ ലഭ്യമായ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് തുടങ്ങിയവ വകയിരുത്തി

വാർഷികപദ്ധതിയിലുൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കി ആസൂത്രണസമിതിയുടെ അംഗീകാരം നേടിയിരുന്നു. എന്നാൽ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുകയുണ്ടായില്ല. വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത സർക്കാർ ഗ്രാന്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | ബജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട്, ജനറൽ | 21251707 | 19326434 | 1925273 |
| എസ്.സി.പി. | 3311000 | 3151447 | 159553 |
| ടി.എസ്.പി | 262000 | 261960 | 40 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9864000 | 6240228 | 3623772 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 9420000 | 9277401 | 142599 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 4365000 | 2795004 | 1569996 |
| ആകെ | | 41052474 | 7421223 |

പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 74.21 ലക്ഷം രൂപയാണ്. കൂടാതെ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കാൻ വൈകിയതിനാൽ 'ക്യൂ'വിലായവ 2019-20 സാമ്പത്തിക വർഷം മാറിയിട്ടുണ്ട്. ഇപ്രകാരം മാറിയ തുകകൾക്കായി 2019-20 വർഷത്തെ ഗ്രാന്റ് അലോട്ട്മെന്റുകളിൽ നിന്നാണ് കുറവ് വന്നിട്ടുള്ളത്. ഇതുമൂലം 38,11,196/- രൂപ

തൻവർഷം പുതുതായി ഏറ്റെടുക്കാമായിരുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. ഭേദഗതി കൂടാതെ തുടരുന്ന സ്പിൽ ഓവർ തുകകൾക്കുള്ള ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിയ്ക്കാത്തതിനാൽ ഫലത്തിൽ 1,12,32,419/- രൂപ ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടമായി. പദ്ധതി ആസൂത്രണ/നിർവ്വഹണ പ്രക്രിയകൾ കാര്യക്ഷമമാക്കി ഇത്തരം നഷ്ടം ഭാവിയിൽ ഒഴിവാക്കാൻ ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-9 പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഫണ്ടുകൾ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന് പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിക്കാതെ തനത് ഫണ്ട് സൂക്ഷിക്കുന്ന ട്രഷറി/ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക |
|---|---|---|---|
| 1 | 320100116 | എസ്.എസ്.എ | 247510 |
| 2 | 320100121 | എെ.സി.ഡി.എസ് സെൻട്രൽ ഷെയർ | 1643727 |
| 3 | 320200322 | ശുചിത്വമിഷൻ ഗ്രാന്റ് | 1743420 |
| 4 | 320300199 | മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച സഹായം -<br>കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നുള്ള തുക – 12,50,000<br>(ബഡ്സ് സ്കൂൾ അനുവദിക്കുന്നതിന്)<br>ബയോഡൈവേഴ്സിറ്റി ബോർഡ് - 4,20,000<br>വിമുക്തി - 12,500 | 1682500 |

പ്രത്യേക ആവശ്യത്തിനായി സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 1-10 വസ്തു നികുതി - 21.78 ലക്ഷം രൂപ ഈടാക്കാനവശേഷിക്കുന്നു

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം, വസ്തുനികുതിയിനത്തിൽ 21,78,278/- രൂപ കുടിശ്ശിക നിലനിൽക്കുന്നു. നികുതി തുക ഈടാക്കുന്നതിന്, ഡിമാന്റ് നോട്ടീസ്, റവന്യു റിക്കവറി നോട്ടീസ്, തുടങ്ങിയവ പഞ്ചായത്തിലെ ആശാ വർക്കർമാർ, സാക്ഷരത പ്രേരക്മാർ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, മറ്റ് മാർഗങ്ങൾ മുഖേന നൽകുക, താരതമ്യേന കൂടിയ നികുതി തുകകൾ അടവാക്കേണ്ടവരുടെ പട്ടിക തയ്യാറാക്കുക, നികുതിദായകർ നികുതി അടവാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചു് പ്രാദേശിക ചാനലുകൾ, മൈക് അനൗൺസ്മെന്റ്, സാമൂഹ്യ മാധ്യമങ്ങൾ തുടങ്ങിയ സാധ്യതകൾ ഉപയോഗപ്പെടുത്തുക, ആരാധനാലയങ്ങൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ചു് പ്രചാരം നൽകുക, പഞ്ചായത്തിലെ വിവിധ ഉദ്യോഗസ്ഥർക്ക് വാർഡ് തിരിച്ചു് ജോലി വിഭജന ഉത്തരവ് നൽകി ക്യാമ്പ് കളക്ഷൻ ഊർജ്ജിതമാക്കുക തുടങ്ങി ബഹുവിധ മാർഗങ്ങളിലൂടെ കുടിശിക ഈടാക്കുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും സ്വീകരിക്കാവുന്നതാണ്. നികുതി പിരിവിന്റെ പുരോഗതി സംബന്ധിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 ബി.എസ്.എൻ.എൽ.ടവറുകളുടെ വസ്തു നികുതി - 2013 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബി.എസ്.എൻ.എൽ. മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളിന്മേൽ ഈടാക്കേണ്ട വസ്തു നികുതി

കാലാകാലങ്ങളിൽ ഈടാക്കാത്തതിനെ തുടർന്ന് കുടിശ്ശികയായിട്ടുള്ളതായി, സഞ്ചയ വെബ് പോർട്ടൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വാർഡ് /കെട്ടിട നം. | | | | ആകെ നികുതി തുക |
|---|---|---|---|---|---|
| | 5/927 A | 10/360 A | 15/458 A | 18/217 A | |
| 2013 | 7875 | 8411 | 7088 | 4725 | 28099 |
| 2014 | 7875 | 8411 | 7088 | 4725 | 28099 |
| 2015 | 7875 | 8411 | 7088 | 4725 | 28099 |
| 2016 | 7875 | 8411 | 7088 | 4725 | 28099 |
| 2017 | 7875 | 8411 | 7088 | 4725 | 28099 |
| 2018 | 7875 | 8411 | 7088 | 4725 | 28099 |
| 2019 | 7875 | 8411 | 7088 | 4725 | 28099 |
| ആകെ നികുതി തുക | 55125 | 58877 | 49616 | 33075 | **196693** |

പ്രസ്തുത നികുതി തുക ഈടാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/18.10.2019) മറുപടി ലഭ്യമായിട്ടുണ്ട്. ടി വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നോട്ടീസ്, ജപ്തി നോട്ടീസ് എന്നിവ നൽകിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് പാലാ മുൻസിഫ് കോടതിയിൽ പ്രോസിക്യൂഷൻ നടപടികൾ നിലനിൽക്കുന്നതായും മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു. വ്യവഹാര നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്, വിധിന്യായത്തിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി അപാകതകൾ

### എ) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 വർഷം ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|
| എയ്ഡഡ് സ്കൂൾ എംപ്ലോയീസ് സൊസൈറ്റീസ്, രാമപുരം | 2 |
| മിൽക്ക് സൊസൈറ്റി ചക്കാമ്പുഴ | 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### ബി) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

എസ്.കെ.വി.യു.പി.എസ്.കുറിഞ്ഞി എന്ന സ്ഥാപനത്തിൽ നിന്നും 2018-19 ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | ഗീതാശങ്കർ | 390918 | 625 | 1250 | 625 |
| 2 | ബിജി മാത്യു | 340200 | 625 | 1250 | 625 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 3 | ഷേർളി ആൻഡ്രൂസ്സ് | 247620 | 625 | 1250 | 625 |
| 4 | ഷീലാബായി എ.കെ | 317430 | 625 | 1250 | 625 |
| 5 | അരുൺ കൃഷ്ണ | 131100 | 625 | 1250 | 625 |
| 6 | സുചിത്ര | 126750 | 625 | 1250 | 625 |
| ആകെ | | | | | 3750 |

അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കുന്നതിൽ ഉണ്ടായ വീഴ്ച മൂലമുള്ള നഷ്ടം ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.11 നൽകിയപ്പോൾ മറുപടിയായി ടി തുക അടവാക്കാൻ രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. തുക ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-13 കരാറുകാർ,റേഷൻ വ്യാപാരികൾ തൊഴിൽ നികുതി അടയ്ക്കുന്നില്ല

1996ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1)എ(ii) അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ വ്യാപാരികളും, കരാറുകാരും തൊഴിൽകരം അടച്ചതായി കാണുന്നില്ല. ഇവരിൽ നിന്നും തൊഴിൽകരം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-14 വാടകയിനത്തിൽ 3.6ലക്ഷത്തിലധികം രൂപയുടെ കുടിശിക നിലനിൽക്കുന്നു

വാടക രജിസ്റ്ററും മറ്റനുബന്ധ ഫയലുകളും പരിശോധിച്ചതിൽ നിന്നും, കുത്തകക്കാർ 2018-19 വർഷം വാടക തുക കുടിശ്ശിക വരുത്തിയിട്ടുള്ളതായി വ്യക്തമായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുത്തകക്കാരന്റെ പേരും വിലാസവും | കടമുറി നം. | കുടിശ്ശിക | പ്രതിമാസ വാടക തുക | ആകെ കുടിശ്ശിക തുക |
|---|---|---|---|---|---|
| 1. | എം.ജെ. തോമസ്, മുളയൻതാനത്ത് | VVVK. I | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 9002 | 108024 |
| 2. | ചെല്ലപ്പൻ, മങ്ങാട്ടുകുന്നേൽ | VVVK. II | 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെ | 7140 | 42840 |
| 3. | രവി കെ.എൻ, കളത്തിൽ | VVVK. III | 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെ | 4969 | 29814 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4. | അന്നക്കുട്ടി ജോസഫ്, പുതിയിടത്തുചാലിൽ | VVVK. IV | 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെ | 3494 | 20964 |
| 5. | അന്നക്കുട്ടി ജോസഫ്, പുതിയിടത്തുചാലിൽ | VVVK. V | 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെ | 3106 | 18636 |
| 6. | വി.കെ. സ്റ്റീഫൻ, നെല്ലിക്കാട്ടിൽ | VVVK. VI | 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെ | 5122 | 30732 |
| 7. | മോഹനൻ, ചാലിൽ | VVVK. VII | 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെ | 6443 | 38658 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 8. | വി.കെ. സ്റ്റീഫൻ, നെല്ലിക്കാട്ടിൽ | VVVK. VIII | 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെ | 8615 | 51690 |
| 9. | ഷാജി.പി.കെ, പൊരുന്നിക്കൽ | പഴയ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - V | 2018 സെപ്റ്റംബർ മുതൽ 2019 മാർച്ച് വരെ | 3032 | 21224 |
| 10. | ജോജോ, പുത്തൻപുരക്കൽ | മാർക്കറ്റ് സ്റ്റാൾ നം. 18 | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 381 | 4572 |
| | ആകെ കുടിശ്ശിക തുക | | | | 367154 |

പ്രസ്തുത കുടിശ്ശിക തുക ഈടാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.06/16.10.2019), കുത്തകക്കാർക്ക് നിരന്തരമായി കത്ത് നൽകി അറിയിച്ചിട്ടുള്ളതാണെന്നും, കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി

ലഭിച്ചിട്ടുണ്ട്. മൂന്ന് മാസത്തിലധികമായി വാടക ഒടുക്കാതെ, കുടിശ്ശിക വരുത്തിയ കുത്തകക്കാരെ ഒഴിപ്പിച്ചു്, സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടി പുനർലേല നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുഖ്യ വരവിനങ്ങളിലൊന്നായ വാടക തുക സമയബന്ധിതമായി ഈടാക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. കുടിശ്ശിക തുക, ആനുപാതികമായ ചരക്ക് സേവന നികുതി, പിഴപ്പലിശ എന്നിവയുൾപ്പെടെ കുത്തകക്കാരിൽ നിന്നും ഈടാക്കി, ബന്ധപ്പെട്ട രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് അപാകതകൾ

പഞ്ചായത്ത് പരിധിയിൽ വാണിജ്യ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെയും ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ വ്യത്യാസം കാണുന്നു. 2018-19 വർഷത്തിൽ ആകെ 429 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വിവിധ തരത്തിലുള്ള കെട്ടിടങ്ങൾ സംബന്ധിച്ച് സഞ്ചയ വെബ് പോർട്ടലിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | വാണിജ്യ ആവശ്യം (50 ച.മീ.വരെ വിസ്തീർണ്ണം) | 1161 |
| 2 | വാണിജ്യ ആവശ്യം(100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണം | 160 |
| 3 | 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ | 40 |
| 4 | ഓഫീസ് ആവശ്യം | 55 |
| | | |

| | | |
|---|---|---|
| 5 | വ്യവസായത്തിനാവശ്യമായവ (കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 210 |
| 6 | ഇതര വ്യവസായത്തിനാവശ്യമായവ | 29 |
| | ആകെ | 1655 |

ഇതിൽ 2018-19 വർഷം 429 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽനിന്നും ഗ്രാമ പഞ്ചായത്തിൽ അനേകം വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. കൂടാതെ നിയമാനുസൃതമായി പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിലും കുറവുണ്ടാകുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 മരങ്ങൾ മുറിച്ച് വില്പന നടത്തിയത് - ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് അടവാക്കിയില്ല

**1. <u>കൂടപ്പുലം അങ്കണവാടി കെട്ടിട നിർമ്മാണം</u>**

കൂടപ്പുലം അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിന്നിരുന്ന മരങ്ങൾ ലേലം ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട്, കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ 07.05.2018ലെ എസ്.എഫ്.3 - 7975/2017 നം. കത്ത് പ്രകാരം മരങ്ങളുടെ വാല്യുവേഷൻ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | B.H ൽ ചുറ്റളവ് (സെ.മീ) | വ്യാപ്തം | | നിരക്ക് (രൂപ) | | വില (രൂപ) | |
|---|---|---|---|---|---|---|---|---|
| | | | തടി (M3) | വിറക് (M3) | തടി | വിറക് | തടി | വിറക് |
| 1. | തേക്ക് | 50 | - | - | - | - | - | - |
| 2. | തേക്ക് | 52 | - | - | - | - | - | - |
| 3. | തേക്ക് | 47 | - | - | - | - | - | - |
| 4. | തേക്ക് | 59 | - | - | - | - | - | - |
| 5. | തേക്ക് | 94 | 0.342 | 0.299 | 60990 | 2963 | 20859 | 679 |
| 6. | തേക്ക് | 85 | 0.287 | 0.118 | 60990 | 2963 | 17504 | 350 |
| 7. | തേക്ക് | 63 | 0.247 | 0.003 | 28160 | 2963 | 6956 | - |
| 8. | തേക്ക് | 95 | 0.342 | 0.229 | 60990 | 2963 | 20859 | 679 |
| 9. | തെങ്ങ് | 74 | - | - | - | - | - | - |
| 10. | തെങ്ങ് | 75 | - | - | - | - | - | - |
| 11. | തെങ്ങ് | 72 | - | - | - | - | - | - |
| 12. | തെങ്ങ് | 73 | - | - | - | - | - | - |
| | ആകെ തുക | | | | | | 66178 | 1708 |

പ്രസ്തുത മരങ്ങളിൽ നിശ്ചിത അളവിൽ കുറവ് വണ്ണമുള്ള മരങ്ങളുടെ വോളിയം ടേബിൾ ലഭ്യമല്ലാത്തതിനാലും തെങ്ങിന് ഫോറസ്റ്റ് സീനിയറേജ് നിരക്ക് നിലവിലില്ലാത്തതിനാലും, ആയതിന്റെ വാല്യുവേഷൻ ലഭ്യമാക്കുവാൻ സാധ്യമല്ലെന്നും, ടി മരങ്ങൾക്ക് പ്രാദേശികമായി വില തിട്ടപ്പെടുത്താവുന്നതാണെന്നും കത്തിൽ അറിയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 17.07.2018 ലെ എ-3/2747/18 നം.അറിയിപ്പ് പ്രകാരം പുനഃലേല പരസ്യം പുറപ്പെടുവിക്കുകയും, എന്നാൽ ലേല നടപടികളിൽ ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 22.10.2018 ലെ 15 (1) നം. യോഗതീരുമാനം പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും, 11.01.2019 ലെ 12 (1) നം. യോഗതീരുമാനം പ്രകാരം, 5000/- രൂപയുടെ കൂടിയ ക്വട്ടേഷൻ സമർപ്പിച്ച ശ്രീ. ബാബു, മരങ്ങാട്ടുകളത്തിൽ, കൂടപ്പുലം എന്നയാളുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വിൽക്കുന്ന വിലയുടെ 5.25% തുക, ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് (FDT) ഇനത്തിൽ വനം വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ, ആയത് ഒടുക്ക് വരുത്തിയിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. വനം വകുപ്പിന്റെ ആധികാരിക നിർദ്ദേശ തുകയിൽ നിന്നു മാത്രമല്ല നിലവിലുള്ള സാമാന്യ മതിപ്പുവിലയിൽനിന്നുപോലും വളരെ കുറഞ്ഞ, 5000/- രൂപയുടെ ക്വട്ടേഷന് ഭരണസമിതി അംഗീകാരം നൽകി.

2. <u>കൊണ്ടാട് വാർഡിൽ കൊക്കരണിക്കാവ് റോഡ് നിർമ്മാണം - മരങ്ങൾ മുറിച്ച് വില്പന നടത്തിയത്</u>

ഗ്രാമ പഞ്ചായത്തിലെ കൊണ്ടാട് വാർഡിൽ കൊക്കരണിക്കാവ് റോഡ് നിർമ്മാണത്തിനായി കണ്ടെത്തിയ തോട് പുറമ്പോക്കിൽ നിൽക്കുന്ന മരങ്ങൾ ലേലം ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട്, കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ 20.06.2018 ലെ എസ്.എഫ്. 3 - 761/ 2018 നം. കത്ത്

പ്രകാരം മരങ്ങളുടെ വാല്യുവേഷൻ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | B.H ൽ ചുറ്റളവ് (സെ.മീ) | വ്യാപ്തം | | നിരക്ക് (രൂപ) | | വില (രൂപ) | |
|---|---|---|---|---|---|---|---|---|
| | | | തടി (M3) | വിറക് (M3) | തടി | വിറക് | തടി | വിറക് |
| 1. | തേക്ക് | 125 | 0.593 | 0.536 | 96440 | 2963 | 57189 | 1588 |
| 2. | മഹാഗണി | 83 | 0.218 | 0.389 | 15430 | 885 | 3364 | 344 |
| | ആകെ തുക | | | | | | 60553 | 1932 |

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2018 ലെ ബി -3/3892/18 നം.അറിയിപ്പ് പ്രകാരം പുനഃലേല പരസ്യം പുറപ്പെടുവിക്കുകയും, എന്നാൽ ലേല നടപടികളിൽ ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ 22.10.2018 ലെ 20 (1) നം. യോഗതീരുമാനം പ്രകാരം കട്ടേഷൻ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും, 11.01.2019 ലെ 13 (1) നം. യോഗതീരുമാനം പ്രകാരം, ചരക്ക് സേവന നികുതി തുകയായ 1647/- രൂപ ഉൾപ്പെടെ 10,779/- രൂപയുടെ (മരങ്ങൾക്ക് കണക്കാക്കിയ വില : 9132/- രൂപ) കൂടിയ കട്ടേഷൻ സമർപ്പിച്ച ശ്രീ.അനിൽ കുമാർ, കോനാട്ടുകുന്നേൽ, രാമപുരം എന്നയാളുടെ കട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വിൽക്കുന്ന വിലയുടെ 5.25 % തുക,

ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് (FDT) ഇനത്തിൽ വനം വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ, ആയത് ഒടുക്ക് വരുത്തിയിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. വനം വകുപ്പിന്റെ ആധികാരിക നിർദ്ദേശ തുകയിൽനിന്നു മാത്രമല്ല നിലവിലുള്ള സാമാന്യ മതിപ്പുവിലയിൽനിന്നുപോലും വളരെ കുറഞ്ഞ, 10,779/- രൂപയുടെ ക്വട്ടേഷന് ഭരണസമിതി അംഗീകാരം നൽകി.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (നം.05/ 16.10.2019, 09/ 16.10.2019), മരങ്ങൾ വില്പന നടത്തിയതിൽ കൂടുതലുള്ള തുകയ്ക്ക്, വില്പന നടത്തുന്നതിനുള്ള പ്രായോഗിക പരിമിതികൾ വിശദീകരിച്ചിട്ടുണ്ട്. മരം വിൽപ്പനയുമായി ബന്ധപ്പെട്ട് സ്ഥാപനം നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ (കുറഞ്ഞ വിലയിൽ വിൽപ്പന നടത്തേണ്ടി വരുന്ന സാഹചര്യം) സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സാധൂകരണം വാങ്ങേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത നടപടി സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. തുടർ വർഷങ്ങളിൽ പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട വസ്തുവകകൾ ക്രയവിക്രയം ചെയ്യുമ്പോൾ, സ്ഥാപനത്തിന്റെ തനത് സമ്പത് വ്യവസ്ഥയ്ക്ക് അനുഗുണമാകുംവിധമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടേതുൾപ്പെടെയുള്ള പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. വില്പന നടത്തിയ വിലയുടെ 5.25% തുക, ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് (FDT) ഇനത്തിൽ വനം വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക് വരുത്തേണ്ടതും, രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-17 കെ.എസ്.ഇ.ബി ലിമിറ്റഡ് - വാടക തുകയിന്മേൽ ചരക്ക് സേവന നികുതിയും പിഴപ്പലിശയും ഈടാക്കിയില്ല

രാമപുരം ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ടാം നിലയിലെ രണ്ട് മുറികളും താഴത്തെ നിലയിലെ രണ്ട് മുറികളും ഉൾപ്പെടെ നാല് മുറികൾ കെ.എസ്.ഇ.ബി ലിമിറ്റഡ് സെക്ഷൻ ഓഫീസ്, കെ.എസ്.ഇ.ബി ലിമിറ്റഡ് സബ് ഡിവിഷൻ എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് വാടക അടിസ്ഥാനത്തിൽ നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 23.05.2016 തീയതിയിലെ യോഗതീരുമാന (നം. 7) പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ടി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കെ.എസ്.ഇ.ബി. ലിമിറ്റഡ് രാമപുരം ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുള്ള കരാർ ഉടമ്പടിയിലെ നം. 5 വ്യവസ്ഥ പ്രകാരം "സർക്കാർ കാലാകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിരക്കിൽ വരുത്തുന്ന വർദ്ധനവിന് അനുസരിച്ച് ഉഭയകക്ഷി തീരുമാനപ്രകാരം, വാടക തുക പുനഃനിർണ്ണയിക്കേണ്ടതാണ്" എന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്. പാലാ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ EDP/ DB/ Rent / 2016-17/ 268 നം. കത്തിൽ പ്രതിമാസ വാടക തുക 8500/- രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. 2016 ജൂൺ മാസം മുതൽ നാളിതുവരെ 8500/- രൂപയാണ് ഈടാക്കി വരുന്നത്. ടി സ്ഥാപനത്തിൽ നിന്നും അർഹമായ ചരക്ക് സേവന നികുതി, പിഴപ്പലിശ എന്നിവ ഈടാക്കുന്നതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. ഗ്രാമ പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുള്ള ഡിമാന്റ് നോട്ടീസിൽ ചരക്ക് സേവന നികുതി, പിഴപ്പലിശ എന്നിവ അടവാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, ആയത് അടവാക്കിയിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.08/ 16.10.2019), നിലവിലുള്ള വാടക കരാർ പ്രകാരം 01.06.2020 ൽ കരാർ പുതുക്കുന്നതാണെന്നും നാളിതുവരെയുള്ള ചരക്ക് സേവന നികുതിയും പിഴപ്പലിശയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്നുമുള്ള മറുപടി ലഭിച്ചിട്ടുണ്ട്. 01.06.2020 ൽ കരാർ പുതുക്കുമ്പോൾ, പഞ്ചായത്തിന് നഷ്ടം സംഭവിക്കാതെ, ചട്ടപ്രകാരം വാടക തുക വർഷാവർഷം 5% വർദ്ധനവോടുകൂടി പുതുക്കേണ്ട വ്യവസ്ഥ ഉൾപ്പെടുത്തി കരാറിലേർപ്പെടുവാൻ, ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയുടേതുൾപ്പെടെയുള്ള ശ്രദ്ധ ഉണ്ടാകേണ്ടതാണ്. നാളിതുവരെയുള്ള ചരക്ക് സേവന നികുതിയും പിഴപ്പലിശയും ഈടാക്കി ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഒടുക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ നിഷ്ക്രിയമായി നിലനിൽക്കുന്നു

ഗ്രാമ പഞ്ചായത്തിലെ വൃദ്ധ വികലാംഗ വിപണന കേന്ദ്രം, പഴയ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് സ്റ്റാളുകൾ എന്നിവയിൽ, നിലവിൽ കുത്തകക്കാർ ഇല്ലാത്തതും വാടകരഹിതമായി നിലനിൽക്കുന്നതുമായ കടമുറികൾ, ആയതിന്റെ നമ്പർ, വാടകരഹിതമായി നിലനിൽക്കുന്നത് എന്ന് മുതൽക്കാണെന്ന കാലയളവ്, തുടങ്ങിയ വിശദാംശങ്ങൾ, ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.07/16.10.2019 പ്രകാരം ആവശ്യപ്പെടുകയും, മറുപടി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. (കടമുറി/ സ്റ്റാൾ നമ്പറുകൾ ലഭ്യമാക്കിയിട്ടില്ല)

- ഗ്രാമ പഞ്ചായത്ത് വൃദ്ധ വികലാംഗ വിപണന കേന്ദ്രത്തിലെ '06' മുറികൾ നാളിതുവരെ ഒഴിഞ്ഞുകിടക്കുന്നു.
- ഗ്രാമ പഞ്ചായത്ത് മാർക്കറ്റ് സ്റ്റാളുകളിൽ ആകെ '07' സ്റ്റാളുകൾ ഉള്ളതിൽ '05' എണ്ണം 2019 മാർച്ചു് വരെ ഉപയോഗിച്ച് വന്നിരുന്നതും മറ്റ് സ്റ്റാളുകൾ ഉപയോഗശൂന്യമായിരുന്നതുമാണ്. ഇപ്പോൾ ഈ കോംപ്ലക്സിലെ എല്ലാ സ്റ്റാളുകളും ഒഴിവായിക്കിടക്കുന്നതും പഴക്കം കൊണ്ട് നനഞ്ഞൊലിച്ച് ഷട്ടറുകൾ ദ്രവിച്ച് അടച്ചുറപ്പില്ലാത്ത അവസ്ഥയായതിനാൽ പൊളിച്ച് പണിയേണ്ട സ്ഥിതിയാണുള്ളതെന്നും മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു. ഓഡിറ്റ് വർഷം മാർക്കറ്റ് സ്റ്റാളുകളിന്മേൽ ഈടാക്കിയ വാടക നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | പ്രതിമാസ വാടക (രൂ) |
|---|---|---|
| 1. | തങ്കച്ചൻ, മാണിവേലിൽ, രാമപുരം | 771 |
| 2. | മത്തായി കുര്യോക്കോസ്, മാണിവേലിൽ, രാമപുരം | 645 |
| 3. | മനോജ് കുര്യാക്കോസ്, മാണിവേലിൽ, രാമപുരം | 400 |
| 4. | ജോസ്, കുളത്തുങ്കൽ, രാമപുരം | 390 |
| 5. | ജോജോ, പുത്തൻപുരയ്ക്കൽ, രാമപുരം | 381 |

ഉപയോഗപ്രദമായ കടമുറികൾ/സ്റ്റാളുകൾ തുടങ്ങിയവ, കുത്തകക്കാരെ കണ്ടെത്തി, ചട്ടപ്രകാരം വ്യക്തമായ കരാർ അടിസ്ഥാനത്തിൽ വാടകക്കയ്ക്ക് നൽകുന്നതിനും തനത് ഫണ്ടിനുള്ള വരുമാനച്ചോർച്ച ഒഴിവാക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-19 ആവശ്യാധിഷ്ഠിതമല്ലാതെ വാങ്ങൽ പ്രോജക്ടുകൾക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു

2018-19 വർഷം തനത് ഫണ്ട് ഉപയോഗിച്ച് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ വിവിധ വാങ്ങൽ പ്രോജക്ടുകൾക്കായി വലിയ തുക ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.259/2010/തസ്വഭവ തീയതി 08.11.2010 ഉത്തരവിലെ നിബന്ധനയായ ഓഫീസ് ഉപകരണം, ഫർണിച്ചർ എന്നിവ വാർഷിക

ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ചുവാങ്ങുക എന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ വാങ്ങൽ പ്രോജക്റ്റുകൾക്കായി തുക ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം വാങ്ങൽ നടത്തിയിട്ടുള്ളതിന്റെ ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പദ്ധതി വിശദാംശങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 1) | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേയ്ക്കും, ഓഫീസിലേയ്ക്കും കസേര വാങ്ങൽ<br><br>പ്രോജക്റ്റ് നം.SO57/18-19 | 2,00,000 (വികസന ഫണ്ട്)<br><br>75,000 (തനത് ഫണ്ട്)<br><br>2,75,000 |
| 2) | പഞ്ചായത്ത് ഓപ്പൺ ഓഡിറ്റോറിയം അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ<br><br>പ്രോജക്റ്റ് നം. SO60/18-19 | 84,600 (തനത് ഫണ്ട്) |
| 3) | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കസേരകൾ വാങ്ങൽ<br><br>പ്രോജക്റ്റ് നം.SO213/18-19 | 46,800 (തനത് ഫണ്ട്) |
| 4) | ഫ്രണ്ട് ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ<br><br>പ്രോജക്റ്റ് നം. SO 211/19 | 48,000 (തനത് ഫണ്ട്) |

തൻവർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയ്ക്കായി വകയിരുത്തിയ 31,43,445/- രൂപയിൽ 21,19,727/- രൂപ ചെലവഴിച്ചിട്ടുണ്ട്. 21,19,727/- രൂപയുടെ ചെലവിൽ ഭൂരിഭാഗവും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള വാങ്ങൽ

പ്രോജക്ടുകൾക്കായിട്ടാണ്. ഇത്രയധികം തുകയുടെ വാങ്ങൽ പ്രോജക്ടുകൾ നടപ്പിലാക്കിയ സാഹചര്യം ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഫർണിച്ചറുകൾക്ക് ഇനംതിരിച്ച് സ്റ്റോക്ക് നമ്പർ നൽകി ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് നിശ്ചിത കാലയളവിൽ നടത്തുന്ന ഭൗതിക പരിശോധന, സാക്ഷ്യപത്രം രേഖപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും ആവശ്യാധിഷ്ഠിതമായി വാങ്ങൽ പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 അനുപൂരക പോഷകാഹാര വിതരണം - ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച്

രാമപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ഐസിഡിഎസ് സൂപ്പർവൈസറുടെ പൂരക പോഷകാഹാര വിതരണം എന്ന പ്രോജക്ട് പരിശോധിച്ചതിൽ 2018-19 വർഷം 6 മാസം മുതൽ 3 വയസുവരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി ഭാഗ്യശ്രീ അമൃതം ഫുഡ് പ്രോഡക്ട്, കുരിയനാട് എന്ന സ്ഥാപനത്തിൽ നിന്നാണ് ന്യൂട്രിമിക്സ് വാങ്ങിയിരിക്കുന്നത്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18-02-2019 ICDS B3-312/2010 നമ്പർ കത്തിൽ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 31 അങ്കണവാടികളിലൂടെ വിതരണം ചെയ്ത അമൃതം മിക്സിന്റെ സാമ്പിൾ 2017-18 കാലയളവിൽ ചെന്നൈ ലാബിലേയ്ക്ക് അയച്ചിട്ടുള്ളതിന്റെ റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല എന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധനാഫലം ലഭ്യമാകാറില്ല. അതിനാൽ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട് നിറവേറ്റപ്പെടുന്നില്ല. യഥാസമയം ഗുണനിലവാരം ഉറപ്പുവരുത്തി ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ വേണ്ടപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ചിറക്കണ്ടം നടുവിലമ്മാവ് കുടിവെള്ള പദ്ധതി -ലക്ഷ്യം കൈവരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം. 91 /19

വിഭാഗം - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അടങ്കൽ - 3,35,000/- രൂ.

ചെലവ് - 3,34,979/- രൂ.

ബിൽ നം. - 58/18-19/1103.2019 തുക 3,34,979/-രൂ.

ചിറക്കണ്ടം നടുവിലമ്മാവ് കുടിവെള്ള പദ്ധതിക്കായി പമ്പിങ്ങ് ലൈൻ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയിൽ 599 മീറ്റർ നീളത്തിൽ എച്ച് ഡി പി ഇ പൈപ്പ് ലൈൻ സ്ഥാപിച്ചു. എന്നാൽ പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല എന്ന് സ്ഥലപരിശോധനയിൽ വ്യക്തമായി. പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനായി ഇനിയും കൂടുതൽ ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് കുളംനിർമ്മാണം, ടാങ്ക് നിർമ്മാണം, പൈപ്പ്ലൈൻ സ്ഥാപിക്കൽ (ഭാഗികം) എന്നിവ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കൽ, മോട്ടോർ സ്ഥാപിക്കൽ എന്നിവ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിന് തുടർനടപടികൾ സ്വീകരിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് - ആനുകൂല്യം മുഴുവൻ നൽകുന്നില്ല

പ്രോജക്ട് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

പ്രോജക്ട് നം. 21/2019

ചെലവഴിച്ച തുക - 10,46,000/-

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ സൂചിത പ്രോജക്ടിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം നടത്തിയത്. പ്രതിമാസ സ്കോളർഷിപ്പ് 1000/-രൂപ, പ്രതിമാസ യാത്രാബത്ത 1000/- രൂപ, വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/- രൂപ 2000/- രൂപ എന്നിവയടക്കം 28500/- രൂപയാണ് മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഒരു കുട്ടിക്ക് അർഹതയുള്ള സ്കോളർഷിപ്പ്. എന്നാൽ ഇത്തരത്തിൽ ലഭിക്കേണ്ട മുഴുവൻ തുകയും ലഭ്യമാക്കിയിട്ടില്ല. മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രോജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. ഭിന്ന ശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻ നിർത്തി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി വഴി അർഹതപ്പെട്ടവർക്ക് ആനുകൂല്യം പൂർണ്ണമായി ലഭിക്കുന്ന രീതിയിൽ പര്യാപ്തമായ തുക വകയിരുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 അഗതി രഹിതകേരളം - തുടർ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാംലബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ 'അഗതി രഹിതകേരളം' പദ്ധതി കുടുംംബശ്രീയുടെ നേതൃതത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയ്ക്ക് മുമ്പ് അനുവദിച്ചിട്ടുള്ള തുകകളിൽ ബാക്കി വരുന്ന തുകകളിൽ അഗതിരഹിത കേരളം പദ്ധതിയ്ക്ക് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ

ഗ്രാമപഞ്ചായത്തിന്റെ ആശ്രയ 1ഉം 2ഉം ഘട്ടത്തിലെ ബാങ്ക് അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന തുക 31,40,569/- രൂപ കേരള ഗ്രാമീണ ബാങ്ക് രാമപുരം ശാഖയിലേയ്ക്ക് (A/c No.40569100004737) മാറ്റിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 96 അഗതിരഹിത കുടുംബങ്ങളെ സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അഗതിരഹിത കേരളം എന്ന പദ്ധതിയുടെ ചലഞ്ച് ഫണ്ട് 34,09,044/-രൂപയും, ആകെ അടങ്കൽ 1,09,06,544/- രൂപയുമായി സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. അഗതി രഹിതകേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തപ്പെട്ട അഗതിരഹിത കുടുംബങ്ങൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ പ്രോജക്ടുകൾ പ്രകാരം ഓരോ കുടുംബങ്ങൾക്കും പരിചരണ സേവനങ്ങളുടെ പാക്കേജ് നിർബന്ധമായും നടപ്പാക്കണമെന്ന സർക്കാർ ഉത്തരവ് ഉണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ അഗതികുടുംബങ്ങൾക്ക് ഭക്ഷണ സാധനങ്ങളുടെ കിറ്റ് വിതരണം എന്ന പരിമിതമായ ആവശ്യത്തിന് മാത്രമാണ് ഫണ്ട് ഉപയോഗിക്കുന്നത്. ആയതിന് പ്രതിമാസം 59,000/- രൂപയോളം ചെലവഴിക്കുന്നുണ്ട്. അഗതി കുടുംബങ്ങൾക്ക് നൽകേണ്ട പരിചരണ സേവനങ്ങളുടെ പ്രോജക്ട് തയ്യാറാക്കി "അഗതി രഹിതകേരളം" എന്ന പദ്ധതിയുടെ പൂർണ്ണ ലക്ഷ്യം കൈവരിയ്ക്കാൻ കഴിയുന്ന വിധം പരിചരണ സേവനങ്ങളുടെ പാക്കേജ് പൂർണ്ണമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ആശ്രയ ചാർജ് ഓഫീസറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലെ പണം "അഗതി രഹിത കേരളം " എന്ന പദ്ധതിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്

സി.ഡി.എസ് പ്രസിഡണ്ടിന്റെയും, ചാർജ് ഓഫീസർ വി.ഇ.ഒ യുടെയും സംയുക്ത അക്കൗണ്ടിൽ (A/C NO.670058912337) എസ്.ബി.റ്റി രാമപുരം ശാഖയിലുണ്ടായിരുന്ന 134095/- രൂപ 22.8.2009 ൽ അന്നത്തെ ചാർജ് ഓഫീസറായ വി.ഇ.ഒ.യുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടിരുന്നു (A/C No.67044116597). ടി അക്കൗണ്ടിൽ 26.6.2018ൽ 187,886/-രൂപ

നീക്കിയിരുപ്പുണ്ട്. നിലവിൽ സി.ഡി.എസ്.മെമ്പർ സെക്രട്ടറിയുടെ ചാർജ്ജ് അസി.സെക്രട്ടറിയ്ക്കായതിനാൽ, സി.ഡി.എസ്. ചെയർപേഴ്സണിന്റെയും, അസിസ്റ്റന്റ് സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടായ കേരള ഗ്രാമീൺ ബാങ്ക് രാമപുരം ശാഖയിലേയ്ക്ക് (A/c No.40569100004737) അടിയന്തിരമായി തുക മാറ്റാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗവിവരങ്ങൾ ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി | പ്രത്യേക കന്നുകുട്ടി പരിപാലനം |
| പദ്ധതി നം. | S0004/ 2019 |
| ആകെ അടങ്കൽ | 45,00,000/- |
| ഗുണഭോക്താക്കൾ | 180 |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ടി പദ്ധതിക്കായി 17,50,000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതി, കോട്ടയം എന്ന പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം: 708011400000050)

ബിൽ നം. : 01/2018-19/02.07.2018 (5,00,000/-)

ബിൽ നം. : 02/2018-19/02.07.2018 (3,12,500/-)

ബിൽ നം. : 03/2018-19/03.07.2018 (5,62,500/-)

ബിൽ നം. : 04/2018-19/07.09.2018 (3,75,000/-)

വിനിയോഗ വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 17,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതി കാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്ക്, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 അങ്കണവാടി കേന്ദ്ര സഹായം - നീക്കിയിരുപ്പുള്ള 16.43 ലക്ഷം രൂപ പ്രയോജനപ്പെടുത്തിയിട്ടില്ല

സ.ഉ.നം.39033/ഡി.സി2/2010/ത.സ്വ.ഭ.വ പ്രകാരം പൂരകപോഷകാഹാര പരിപാടി (എസ്.എൻ.പി)യ്ക്ക് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ 31 അങ്കണവാടികളിൽ 6 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ ഏഴാച്ചേരി അങ്കണവാടിയ്ക്ക് കെട്ടിടനിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. ബാക്കി 5 അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാകുമെങ്കിൽ കെട്ടിടനിർമ്മാണത്തിനോ, അല്ലെങ്കിൽ സ്ഥലം വാങ്ങുന്നതിനോ കേന്ദ്ര വിഹിതമിനത്തിൽ 31.3.2019 ൽ നീക്കിയിരിപ്പുള്ള 16,43,727/- രൂപ വിനിയോഗിക്കാമെന്നിരിക്കെ ടി തുക പ്രയോജനപ്പെടുത്താത്ത സാഹചര്യം വ്യക്തമല്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-26 ലൈഫ് ഭവന പദ്ധതി അവലോകനം

അർഹതയുള്ള സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)<u>ലൈഫ് ഭവനപദ്ധതി (ജനറൽ വിഭാഗം)</u>

പ്രോജക്ട് നം.SOO33/19

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട് | 44,00,000 | 44,00,000 |
| ബ്ലോക്ക് വിഹിതം | 1775730 | 1775730 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1366264 | 1366264 |
| വായ്പ | 32458006 | 12380253 |
| ആകെ | 40000000 | 19922247 |

ജനറൽ വിഭാഗത്തിൽ എഗ്രിമെന്റ് വച്ച് ഭവനനിർമ്മാണം ആരംഭിച്ച 67 ഗുണഭോക്താക്കളിൽ 34 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള 33 ഗുണഭോക്താക്കൾ

ഭവനം നിർമ്മാണം പൂർത്തിയാക്കി സബ്സിഡി തുകയായ 4,00,000/- രൂപ കൈപ്പറ്റിയതിന്റെ തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) <u>ലൈഫ് ഭവനനിർമ്മാണം പദ്ധതി (എസ്.സി.പി)</u>

പ്രോജക്ട് നം.SOO34/19

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 10,00,000 | 10,00,000 |
| ബ്ലോക്ക് വിഹിതം | 197940 | 197940 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 200316 | 200316 |
| വായ്പ | 201744 | 61744 |
| ആകെ | 16,00,000 | 14,60,000 |

എഗ്രിമെന്റ് വച്ച് ഭവനനിർമ്മാണം ആരംഭിച്ച 4 ഗുണഭോക്താക്കളിൽ 2 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള 2 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തൻ വർഷം ഹഡ്കോയിൽ നിന്നും ലഭിച്ച വായ്പാ തുകയായ 1,24,41,997/- രൂപ പൂർണ്ണമായും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

## 1-27 ഓഡിറ്റ് വേളയിൽ പരിഹരിച്ച അപാകതകൾ

എ) <u>ഫ്രണ്ട് ഓഫീസ് നവീകരണം - ഇലക്ട്രിഫിക്കേഷൻ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തത് -</u>
<u>തിരികെ ഈടാക്കി</u>

പ്രോജക്ട് നം. S0201/19

എം.ബുക്ക് -A3-760/19

കോൺട്രാക്ടർ -കുര്യക്കോസ് ദാസ് , കുണ്ടകശ്ശേരിൽ, കൊതവറ

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് നവീകരണം - ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടപ്പിലാക്കുന്നതിനായി അംഗീകൃത ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സിൽ നിന്നും ടെണ്ടർ ക്ഷണിച്ചതിൽ എസ്റ്റിമേറ്റ് റേറ്റിൽ നിന്നും 3.3% കുറവ് രേഖപ്പെടുത്തിയ ടെണ്ടറാണ് അംഗീകരിച്ചിരുന്നത്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ മുഴുവൻ തുകയും കോൺട്രാക്ടർക്ക് നൽകിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|
| വികസന ഫണ്ട് -250000 | 250,000 | 02/18-19 തീയതി 03.04.19 |
| തനത് ഫണ്ട് -150,000 | 149410 | വൗച്ചർ നം.21801459തീ.30.3.19<br>ചെക്ക് നം. 20076/30.3.19 |

ആകെ പ്രവൃത്തിമൂല്യം -384040

എസ്റ്റിമേറ്റ് തയ്യാറാക്കൽ , സൂപ്പർവിഷൻ ചാർജ്, ബിൽ തയ്യാറാക്കൽ (3%) -11528

ചെക്ക് മെഷർമെന്റ് ഫീ -3842

വർക്കേഴ്സ് വെൽഫയർ ഫണ്ട് -3840

ആദായ നികുതി -3840

കോൺട്രാക്ടർക്ക് നൽകിയിരുന്ന തുക - 2,26,950/- (പ്ലാൻ) +1,49,410/- (തനത് ഫണ്ട്)

ടെണ്ടർ വ്യതിയാനം കുറവ് ചെയ്യേണ്ടത് 384040 3.3% -12673

ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ മുഴുവൻ തുകയും കോൺട്രാക്ടർക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.4/18-19 നൽകിയതിനെ തുടർന്ന് ടി തുക 17.10.2019ലെ 3134442-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഓഫീസിൽ അടവാക്കിയിട്ടുണ്ട്. തുക ഓഡിറ്റ് നിർദ്ദേശാനുസരണം തിരികെ ഈടാക്കിയെങ്കിലും മരാമത്ത് പ്രവൃത്തികളുടെ ബില്ലിന്റെ സംഖ്യാപരമായ കൃത്യത ഉറപ്പ് വരുത്തുന്നതിലെ ന്യൂനതകൾ ഇത് വെളിവാക്കുന്നു. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

(ബി) <u>വീട് വാസയോഗ്യമാക്കൽ - ഒരു ഗുണഭോക്താവിന് രണ്ട് പ്രാവശ്യം ധനസഹായം നൽകിയത്</u>

<u>തിരികെ അടവാക്കി</u>

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വീടുവാസയോഗ്യമാക്കൽ (എസ്.സി) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 25,000/- രൂപ വീതം 30 ഗുണഭോക്താക്കൾക്കായി നൽകിയിരുന്നു. ഇതിൽ ഷീലാ ചന്ദ്രൻ, ഏഴാച്ചേരി എന്ന വ്യക്തിക്ക് താഴെപറയുന്ന ബില്ലുകളിലൂടെ 25,000/- രൂപ വീതം രണ്ട് പ്രാവശ്യം നൽകിയിരുന്നു

ബിൽ നം.1809035206000080/15.11.2018 - 50000/-

ബിൽ നം.18090352066001199671/16.02.2019 - 75000/-

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/16.10.2019 ന് മറുപടിയായി ഷീലാ ചന്ദ്രൻ ഏഴാച്ചേരി എന്നയാൾക്ക് അധികമായി നൽകിയ 25000/- രൂപ 17.10.2019 തീയതി 119040103882 രസീതു നമ്പർ പ്രകാരം തിരിച്ചടച്ചു. വികസന ഫണ്ടിൽ നിന്നും നൽകിയ തുകയായതിനാൽ ഈ തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ ന്യൂനതകൾ മൂലമുണ്ടാകുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി) <u>എസ്.സി. വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ - ഗുണനിലവാരമില്ലാത്തവ തിരികെ നൽകുന്നതിൽ</u>
<u>തുടർനടപടി സ്വീകരിക്കാത്തത്</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നം. 25/19

വിഭാഗം - എസ് സി പി

അടങ്കൽ 565000

ചെലവ് 564440

ബിൽ നം. 5/18-19/25.09.2018 തുക 560320

ബിൽ നം. 10/18-19/21.02.2019 തുക 4120

ആകെ 564440

എസ്.സി. വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതിയിൽ കട്ടിലുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ച് തെരെഞ്ഞെടുത്ത വിനോദ് റ്റി.കെ. തടത്തിൽ എന്നയാൾക്ക് പർച്ചേസ് ഓർഡർ നൽകി അഞ്ച് പർച്ചേസ് ബില്ലുകളിലായി കട്ടിൽ ഒന്നിന് 4,120/- രൂപ നിരക്കിൽ ആകെ 5,64,440/- രൂപ ചെലവഴിച്ച് 137 കട്ടിലുകൾ വാങ്ങി. 134 എണ്ണം വിതരണം നടത്തി. 3 കട്ടിലുകൾ ഗുണനിലവാരമില്ലാത്തതിനാൽ മാറ്റി നൽകണമെന്ന് 16.2.19 ലെ നം.എ3/100/19 കത്ത് പ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടു. എന്നാൽ തിരികെ നൽകുന്നതിൽ തുടർനടപടി സ്വീകരിച്ചതായി ഫയലിൽ രേഖയില്ല.

ഗുണനിലവാരമില്ലാത്ത കട്ടിലുകൾ മാറ്റി വാങ്ങുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻകവയറിക്ക് (നം. 2/10.10.2019) മറുപടിയായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട രണ്ടുപേർ മരണപ്പെട്ടതിനാലും, ഒരാൾ കട്ടിൽ ആവശ്യമില്ല എന്നറിയിച്ചതിനാലും 3 കട്ടിലിന്റെ വില 12360/- രൂപ 11/10/2019ലെ 119040103739 രസീത് പ്രകാരം പഞ്ചായത്തിൽ അടവാക്കിയതായി മറുപടി നൽകി. പ്രസ്തുത തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്. മേൽ സാഹചര്യം നിലനിൽക്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത 134 കട്ടിലുകളുടെ ഗുണനിലവാരം സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ സമഗ്രമായ പരിശോധന നടത്തേണ്ടത് ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

(ഡി) <u>എസ് സി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനധനസഹായം - ഒരേ കുട്ടിക്ക് രണ്ട് തവണ തുക നൽകി</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രോജക്ട് നം. 119 /19

വിഭാഗം - എസ് സി പി

അടങ്കൽ 3,21,000/-

ചെലവ് 3,15,000/-

ബിൽ നം. 3/18-19/17.08.2018 തുക 85000

ബിൽ നം 6/18-19/7.09.2018 തുക 60000

ബിൽ നം 7/18-19/07.09.2018 തുക 30000

ബിൽ നം 9/18-19/18.09.2018 തുക 40000

ബിൽ നം 13/18-19/07.11.2018 തുക 100000

ആകെ 315000

എസ്.സി.വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനധനസഹായം എന്ന പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട ശ്രീദേവി എസ്. ദേവിപ്രസാദം, എന്ന വിദ്യാർത്ഥിനിക്ക് (സെന്റ് സ്റ്റീഫൻസ് കോളേജ് ഉഴവൂർ ബികോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ നാലാം സെമസ്റ്റർ) 17/08/2018 ലെ ബിൽ പ്രകാരം മറ്റ് മൂന്ന് കുട്ടികൾക്കൊപ്പം 20,000/- രൂപ ധനസഹായം നൽകിയിരുന്നു. എന്നാൽ പിന്നീട് 07/11/2018 ലെ ബിൽ പ്രകാരം മറ്റ് നാല് കുട്ടികൾക്കൊപ്പം വീണ്ടും 20,000/- രൂപ ധനസഹായം നൽകി. 14.02.2018 ലെ സർക്കാർ ഉത്തരവ് നം. 22/2018/തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബിരുദപഠനത്തിലേർപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന പരമാവധി ധനസഹായം 20,000/- രൂപയാണ്. അധികമായി ധനസഹായം നൽകിയത് സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻകചയറി നം. 3/14.10.2019) മറുപടിയായി അധികമായി നൽകിയ 20000/- രൂപ 14/10/2019ലെ 119040103791 രസീത് പ്രകാരം പഞ്ചായത്തിൽ അടവാക്കിയതായി മറുപടി നൽകി. പ്രസ്തുത തുക അതാത് ഫണ്ടിനത്തിൽ ട്രഷറിയിൽ തിരികെ ഒടുക്കേണ്ടതാണ്. പ്രോജക്റ്റ് നടത്തിപ്പിലെ മേൽനോട്ടക്കുറവ് മൂലമുള്ള ഇത്തരം അപാകതകൾ കർശനമായി ഒഴിവാക്കേണ്ടതാണ്.

ഒരേ ഗുണഭോക്താവിന് രണ്ട് തവണ തുക നൽകാനിടയായതും ടെണ്ടർ വ്യതിയാനം കുറവ് ചെയ്യുന്നതിൽ വീഴ്ചയുണ്ടായതും ഗ്രാമപഞ്ചായത്തിൽ നിലനിന്നിരുന്ന നിയന്ത്രണസംവിധാനത്തിലെ ന്യൂനതയാണ് വെളിവാക്കുന്നത്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

എസ്.കെ.വി.യു.പി.എസ്.കുറിഞ്ഞി എന്ന സ്ഥാപനത്തിൽ നിന്നും 2018-19 ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | ഗീതാശങ്കർ | 390918 | 625 | 1250 | 625 |
| 2 | ബിജി മാത്യു | 340200 | 625 | 1250 | 625 |
| 3 | ഷേർളി ആൻഡ്രൂസ്സ് | 247620 | 625 | 1250 | 625 |
| 4 | ഷീലാബായി എ.കെ | 317430 | 625 | 1250 | 625 |
| 5 | അരുൺ കൃഷ്ണ | 131100 | 625 | 1250 | 625 |
| 6 | സുചിത്ര | 126750 | 625 | 1250 | 625 |

| ആകെ | | | | | 3750 |
|---|---|---|---|---|---|

അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കുന്നതിലുണ്ടായ വീഴ്ച മൂലമുള്ള നഷ്ടം ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് ശ്രീ.ജോഷിൻ ജോസഫിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ട് നം/ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഉഴവൂർ | 13.07.2018 | 1775730 | ലൈഫ് മിഷൻ ജനറൽ | 1775730 | 0 |
| ജില്ലാ പഞ്ചായത്ത് | 22.09.2018 | 1366264 | ലൈഫ് മിഷൻ (എസ്. സി) | 1366264 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഉഴവൂർ | 13.07.2018 | 197940 | ലൈഫ് മിഷൻ (എസ്. സി) | 197940 | 0 |
| ജില്ലാ പഞ്ചായത്ത് | 22.09.2018 | 200316 | ലൈഫ് മിഷൻ (എസ്. സി) | 200316 | 0 |
| ജില്ലാ പഞ്ചായത്ത് | 20.03.2019 | 500000 | സി.എച്ച്.സി ഉപകരണങ്ങൾ | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഉഴവൂർ | 29.09.2018 | 500000 | പാൽ വില സബ്സിഡി | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 20.03.2019 | 600000 | സോളാർ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ | 592200 | 7800 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി KURDFC യിൽ നിന്നും അനുവദിച്ച ലോൺ | --- | --- | 12441997 | --- | --- | 12441997 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

4-6 ഓഡിറ്റ് റിക്കവറി

**ഓഡിറ്റ് റിക്കവറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2015-16<br>2016-17 | എ.ജി ഓഡിറ്റ് ഭാഗം 2 ബി, 1 (2) | 2500 | ജോർജ്ജ് ജോസഫ്, കുരിശുംമൂട്ടിൽ | 118040106552/20.02.2019 |
| | **ആകെ** | **2500/-** | | |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 ഓഡിറ്റ് റിപ്പോർട്ടിലെ ലഘു അവലോകനം | | 2012-13 | 2-6 | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ, ചാർജ്-സർച്ചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ നിലവിൽ ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 11,78,79,260 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,07,05,865 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 3750 | ശ്രീ.ജോഷിൻ ജോസഫ്, ക്ലർക്ക് രാമപുരം ഗ്രാമപഞ്ചായത്ത് |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോഷിൻ ജോസഫ്, ക്ലർക്ക് | ക്ലർക്ക് രാമപുരം ഗ്രാമപഞ്ചായത്ത് | ആര്യാനിക്കൽ പിഴക് പി.ഒ, കോട്ടയം |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 98-99 ചെലവ് | കെ.എസ്.എ-കെ.ടി.എം-പി.4/1333/16, 25.04.17 | 2 |

| | | |
|---|---|---|
| 99-00, 00-01, 01-02പ്ലാൻ | കെ.എസ്.എ-കെ.ടി.എം-പി.4/1333/16, 07.04.2017 | 24 |
| 00-01 | കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(1)/18, 03.02.2018 | 3 |
| 01-02 | കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(2)/18, 03.02.2018 | 03 |
| 02-03 ചെലവ് | കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(3)/18, 03.02.2018 | 02 |
| 04-05 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(4)/18, 03.02.2018 | 02 |
| 05-06 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(5)/18, 03.02.2018 | 06 |
| 06-07 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(6)/18, 03.02.2018 | 02 |
| 07-08 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(7)/18, 03.02.2018 | 07 |
| 97-98(വരവ്) | കെ.എസ്.എ-കെ.ടി.എം-പി.4/1333/17, 26.04.17 | 01 |
| 98-99(വരവ്) | എൽ.എഫ്.കെ.പി.10/56/10 19.03.10 | 01 |

| | | |
|---|---|---|
| 09-10 , 10-11 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(9)/18, 03.02.2018 | 09 |
| 11-12 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം-പി 4/1476/16, 29.03.17 | 08 |
| 12-13 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം-പി 4/1449/14, 08.09.15 | 14 |
| 13-14 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി 4/4/2016, 07.09.16 | 08 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി4/733/16, 03.04.2017 | 02 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി4/1834/16/29.4.17 | 20 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി4/415/18/17.03.2018 | 12 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി4/2121/18/ 17.12.2018 | 27 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

<u>അനുബന്ധം 1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

**നം.കെ.എസ്.എ-കെ.ടി.എം.പി4-1618/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി: 20.11.2019**

1994-ലെ കേരള ലോക്കൽ ഫണ്ട് ഒാഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഒാഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഒാഡിറ്റർ ജനറൽ നിർദേശിച്ച ഒാഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **രാമപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ** വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **രാമപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഒാഡിറ്റ് വകുപ്പ്**
**ജില്ലാ ഒാഡിറ്റ് കാര്യാലയം, കോട്ടയം**